ദേശീയപാത വികസനം

345 (1403) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) സ്ഥലം വിട്ടുനൽകേണ്ടിവരുന്നവരുടെ കാര്യത്തിൽ മുൻധാരണയനുസരിച്ച് വിപണി വില നൽകിക്കൊണ്ടുള്ള പുനരധിവാസ പാക്കേജ് നടപ്പാക്കാൻ തയ്യാറാണോ എന്നത് വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ, വിശദമാക്കുമോ;

(ഡി) കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടിയുൾപ്പെടെ പല മണ്ഡലങ്ങളിലും പ്രസ്തുത വിഷയത്തിൽ ജനങ്ങളുടെ വ്യാപകമായ എതിർപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ജില്ലാ കളക്ടർ മുൻപ് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള പുനരധിവാസ പാക്കേജിൽ എന്ത് തീരുമാനമെടുത്തു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) ദേശീയപാതാ അതോറിറ്റിയുടെ മാർഗ്ഗരേഖപ്രകാരം ദേശീയപാതയുടെ വീതി (Row) അറുപത് മീറ്ററാണ്. എന്നാൽ കേരളത്തിലെ ജനസാന്ദ്രതയും സ്ഥല മേറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടും പരിഗണിച്ച് ദേശീയ പാതയുടെ വീതി ദേശീയ നിലവാരത്തിലുള്ള അറുപത് മീറ്ററിൽനിന്നും നാൽപ്പത്തിയഞ്ച് മീറ്ററായി നിജപ്പെടുത്തുന്നതിന് ദേശീയ പാതാ വികസന അതോറിറ്റി 2010-ൽ സമ്മതിക്കുകയുണ്ടായി. എന്നാൽ ദേശീയപാത നാൽപ്പത്തിയഞ്ച് മീറ്റർ റൈറ്റ് ഓഫ് വേയിൽ വികസിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ചില കേന്ദ്രങ്ങളിൽനിന്നും ഉണ്ടായ എതിർപ്പ് കാരണം സ്ഥലമെടുപ്പ് പ്രക്രിയ പരാജയപ്പെട്ട സാഹചര്യത്തിൽ ദേശീയ പാതാ വികസനത്തിന് റൈറ്റ് ഓഫ് വേ മുപ്പത് മീറ്ററായി ഇളവ് ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ അപകടരഹിതവും സുഗമവുമായ യാത്രാ സൗകര്യം ലഭ്യമാക്കേണ്ടതിനാൽ റോഡ് വികസനത്തിൽ നാൽപ്പത്തിയഞ്ച് മീറ്റർ റൈറ്റ് ഓഫ് വേയിൽ ഇളവ് അനുവദിക്കുവാൻ സാധ്യമല്ല എന്ന് കേന്ദ്രസർക്കാർ അറിയിക്കുകയുണ്ടായി. ഇതിനെ തുടർന്ന് 17-8-2010-ലെ സർവ്വകക്ഷി യോഗത്തിന്റെ തീരുമാന പ്രകാരം ദേശീയപാത നാൽപ്പത്തിയഞ്ച് മീറ്ററിൽ തന്നെ വികസിപ്പിക്കുവാൻ 18-8-2010-ൽ സംസ്ഥാന സർക്കാർ തീരുമാനിക്കുകയുണ്ടായി. എന്നാൽ സ്ഥലമെടുപ്പ് അനിശ്ചിതമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ ദേശീയപാത 17-ലെ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ദേശീയപാത 47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള ഭാഗത്തെ ദേശീയ പാതാ വികസനത്തിൽനിന്നും ദേശീയപാതാ വികസന അതോറിറ്റി പിൻവാങ്ങുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര ഉപരിതല ഗതാഗതവകുപ്പുമന്ത്രി 4-7-2014-ൽ മുഖ്യമന്ത്രിക്കയച്ച കത്തിൽ വർദ്ധിച്ചുവരുന്ന വാഹന സാന്ദ്രത പരിഗണിച്ച് ദേശീയപാത വികസനം ത്വരിതപ്പെടുത്തണമെന്നുള്ളതിന് സംസ്ഥാന സർക്കാരിന്റെ സഹകരണം ആവശ്യപ്പെടുകയും ദേശീയപാതാ വികസനത്തിന് ആവശ്യമായ എൺപത് ശതമാനം ഭൂമി ഏറ്റെടുത്തു നൽകിയാൽ ദേശീയപാത അതോറിറ്റിയുടെ പിൻവാങ്ങൽ തീരുമാനം പുനഃപരിശോധിക്കാവുന്നതാണെന്നും അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ 23-10-2014-ലെ മന്ത്രിസഭയുടെ തീരുമാനപ്രകാരം 25-10-2014-ലെ സ.ഉ.(കൈ) നമ്പർ 94/2014 പൊമവ ഉത്തരവുപ്രകാരം ദേശീയപാത 45 മീറ്റർ വീതിയിൽ തന്നെ വികസിപ്പിക്കുന്നതിനും ഇതിനാവശ്യമായ ഭൂമിയുടെ എൺപത് ശതമാനം ഏറ്റെടുത്ത് ദേശീയപാതാ അതോറിറ്റിക്ക് കൈമാറുന്നതിനും ദേശീയപാതാ വികസനത്തിൽനിന്നും പിൻമാറിക്കൊണ്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 5-3-2014, 14-8-2014 എന്നീ തീയതികളിലെ വിജ്ഞാപനങ്ങൾ റദ്ദ് ചെയ്യുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. പ്രസ്തുത വിവരം 30-10-2014-ലെ കത്തുപ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) 23-10-2014-ലെ മന്ത്രിസഭാ തീരുമാനപ്രകാരം പദ്ധതി ബാധിതർക്ക് നഷ്ടപരിഹാരം നിശ്ചയിക്കുമ്പോൾ CALA, സംസ്ഥാന സർക്കാരിന്റെ ആർ ആന്റ് ആർ പാക്കേജിലെ വ്യവസ്ഥകൾ കൂടി പരിഗണിക്കണമെന്ന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കായംകുളം അസംബ്ലി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

346 (1404) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ വാർഷിക അറ്റകുറ്റപ്പണികളിലുൾപ്പെടുത്തി 2012-13, 2013-14 എന്നീ വർഷങ്ങളിൽ എത്ര റോഡുകളാണ് പുനരുദ്ധരിച്ചത്;

(ബി) ഓരോ പ്രവൃത്തികൾക്കുമായി എത്ര അനുവദിച്ചെന്നും ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly